പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1471 16-10-2026-ൽ മറുപടിയ്ക്ക്

ഒറ്റപ്പാലം മണ്ഡലത്തിലെ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട ഫയലുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. പ്രേംകുമാർ

മറുപടി നൽകിയ മന്ത്രി

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് തീർപ്പാക്കാനുള്ള എത്ര ഫയലുകൾ കൃഷിഭവനുകളിൽ ഉണ്ടെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

മറുപടി: ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് കൃഷി ഭവനുകളിൽ തീർപ്പാക്കാനുള്ള ഫയലുകളുടെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

	ബ്ലോക്ക്	കൃഷി ഭവൻ	തീർപ്പാക്കുന്നതിനുള്ള ഫയലുകൾ
1	മണ്ണാർക്കാട്	തച്ചനാട്ടു കര	ഇല്ല
2	ശ്രീ കൃഷ്ണപുരം	കരിമ്പുഴ	5
3		കടമ്പഴിപ്പുറം	5
4		പൂക്കാട്ടുകാവ്	14
5		ശ്രീ കൃഷ്ണപുരം	6
6	ഷൊർണൂർ	ഒറ്റപ്പാലം മുനിസിപ്പാലിറ്റി	50
7		ലക്കിടി പേരൂർ	48
8		അമ്പലപ്പാറ	15
	ആകെ		143

(ബി) ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ സമർപ്പിച്ചിട്ടും തീർപ്പാക്കാത്ത ഫയലുകൾ ഏത് തീയതി മുതൽ ഉണ്ടെന്നുള്ളത് കൃഷി ഭവനുകൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

മറുപടി: ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ സമർപ്പിച്ചിട്ടും തീർപ്പാക്കാത്ത ഫയലുകൾ ഏത് തീയതി മുതൽ ഉണ്ടെന്നുള്ളത് കൃഷി ഭവനുകൾ തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

	ബ്ലോക്ക്	കൃഷി ഭവൻ	ഏതു തിയതി മുതൽ പെന്റിങ്
1	ശ്രീ കൃഷ്ണപുരം	കരിമ്പുഴ	18/08/2026 മുതൽ, സ്ഥല സന്ദർശനം പൂർത്തിയായിട്ടില്ല.
2		കടമ്പഴിപ്പുറം	26/09/2026മുതൽ, സ്ഥല സന്ദർശനം പൂർത്തിയായിട്ടില്ല.
3		പൂക്കാട്ടുകാവ്	10/07/2026 മുതൽ, സ്ഥല സന്ദർശനം പൂർത്തിയായിട്ടില്ല.
4		ശ്രീ കൃഷ്ണപുരം	28/09/2026 മുതൽ, സ്ഥല സന്ദർശനം പൂർത്തിയായിട്ടില്ല.
5	ഷൊർണ്ണൂർ	ഒറ്റപ്പാലം മുനിസിപ്പാലിറ്റി	1. 03-02-2022 തീയതി മുതൽ 10-12-2024 തീയതി വരെ 7 അപേക്ഷകൾ കെ എസ് ആർ ഈ സി റിപ്പോർട്ട് ലഭ്യമാകാത്തതുകൊണ്ട്
			2. 05-09-2024 തീയതി മുതൽ 07-09-2025 തീയതി വരെ 7അപേക്ഷകൾ (സ്ഥല പരിശോധന പൂർത്തിയായി)
			3. 8-09-2025 തീയതി മുതൽ 36 അപേക്ഷകൾ പെന്റിങ്. സ്ഥല സന്ദർശനം പൂർത്തിയായിട്ടില്ല.
6		ലക്കിടി പേരൂർ	1. 02/04/2022 മുതൽ കെ എസ് ആർ ഈ സി റിപ്പോർട്ട് ലഭിക്കുന്നതിനായി 14 എണ്ണം
			2. 23/12/2025 മുതൽ 34 എണ്ണം. സ്ഥല സന്ദർശനം പൂർത്തിയായിട്ടില്ല.
7		അമ്പലപ്പാറ	1. 25/12/2025 മുതൽ 15 എണ്ണം, സ്ഥല സന്ദർശനം പൂർത്തിയായിട്ടില്ല.

സെക്ഷൻ ഓഫീസർ